## ചോദ്യോത്തരം
**മുജീബ്**

# ഒരു കോൺഗ്രസ്സുകാരന്റെ സംശയങ്ങൾ

■ *ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനത്തെക്കുറിച്ച് കോൺഗ്രസ് പ്രവർത്തകൻ എന്ന നിലക്ക് ചില സംശയങ്ങളും ചോദ്യങ്ങളും ഉണ്ട്. കോൺഗ്രസ്സിനെ സംബന്ധിച്ചേടത്തോളം ഓരോ വ്യക്തിയും ഓരോ നേതാവും വ്യത്യസ്ത രീതിയിലാണ് ജമാഅത്തെ ഇസ്‌ലാമിയെ മനസ്സിലാക്കുന്നതും അഭിപ്രായങ്ങൾ പറയുന്നതും എന്ന സത്യം ഉൾക്കൊണ്ടുതന്നെ എനിക്കും എന്റെ ചില സംഘടനാ സുഹൃത്തുക്കൾക്കും തോന്നിയ 12 ചോദ്യങ്ങൾ ചോദിക്കട്ടെ.*

*1. ജനാധിപത്യരീതിയിൽ ഏതു സംവിധാനവും ഭരണഘടനക്കകത്ത് നിന്നുകൊണ്ട് സ്വപ്നം കാണാനും പ്രവർത്തിക്കാനും ഇവിടെ ഏത് വ്യക്തിക്കും സംഘടനക്കും സ്വാതന്ത്ര്യമുണ്ട്. അതിലുപരിയായ ഒരു വ്യവസ്ഥിതി ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിൽ പ്രതീക്ഷിക്കുന്നുവോ?*

***കണിടായത്ത് ബഷീർ***
***പള്ളിക്കൽ മണ്ഡലം കോൺഗ്രസ് സെക്രട്ടറി***

**ഇ**ന്ത്യയിൽ മതനിരപേക്ഷ ജനാധിപത്യം പുലരണമെന്ന് ശാഠ്യമുള്ള പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഏകാധിപത്യമോ സമഗ്രാധിപത്യമോ മതാധിപത്യമോ അത് അംഗീകരിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല.

"രാജാധിപത്യത്തോടും നാടുവാഴി മേധാവിത്വത്തോടും നമുക്ക് തീർത്താൽ തീരാത്ത അമർഷമുണ്ട്, ആധുനിക കാലത്തെ ഏറ്റവും വലിയ ഒരു ജനാധിപത്യ വാദിക്കുണ്ടാവുന്നത്ര അമർഷം. സാമൂഹിക ജീവിതത്തിൽ എല്ലാ ഓരോരുത്തർക്കും തുല്യാവകാശവും തുല്യനിലപാടും തുല്യാവസരവും ലഭിക്കണമെന്ന് നമുക്ക് വലിയ ശാഠ്യമുണ്ട്, ഒരു പാശ്ചാത്യ ജനാധിപത്യവാദിക്കുള്ളത്ര ശാഠ്യം. ദേശവാസികളുടെ സ്വതന്ത്രവും നിർബാധവുമായ ഹിതാനുസാരമായിരിക്കണം ഗവൺമെന്റിന്റെ ഭരണനിർവഹണവും ഭരണാധികാരികളുടെ തെരഞ്ഞെടുപ്പുമെന്നതിനെ സംബന്ധിച്ചേടത്തോളം നമുക്ക് യാതൊരു എതിരഭിപ്രായവുമില്ല. പ്രജകൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും പ്രക്ഷോഭ സ്വാതന്ത്ര്യവുമില്ലാത്തതോ ജനത്തെയും ജാതിയെയും പാരമ്പര്യത്തെയും വർഗത്തെയും ആധാരമാക്കിയുള്ള പ്രത്യേകാവകാശങ്ങളും പ്രത്യേക വിലക്കുകളുമുള്ളതോആയ ഒരു ജീവിത വ്യവസ്ഥിതിയെ നാം ഒരിക്കലും അനുകൂലിക്കുന്നില്ല" (*മതേതരത്വം, ദേശീയത്വം, ജനാധിപത്യം- ഒരു താത്വിക വിശകലനം*, അബുൽഅഅ്‌ലാ മൗദൂദി, ആറാം പതിപ്പ്, പേജ് 31, പ്രസാ. ഐ.പി.എച്ച്).

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഭരണഘടന, ഖണ്ഡിക 5, പ്രവർത്തന മാർഗം:-

"ജമാഅത്ത് അതിന്റെ ലക്ഷ്യപ്രാപ്തിക്കായി രചനാത്മകവും സമാധാനപൂർവവുമായ മാർഗങ്ങൾ അവലംബിക്കുന്നതാണ്. അതായത് ആദർശപ്രചാരണവും പ്രബോധനവും വഴി ഹൃദയങ്ങളും സ്വഭാവചര്യകളും സംസ്കരിക്കുന്നതും അങ്ങനെ നാട്ടിന്റെ സാമൂഹിക ജീവിതത്തിൽ ഉദ്ദിഷ്ടമായ ഉത്തമ വിപ്ലവം വരുത്തുന്നതിന് പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടുവരുന്നതുമാണ്."

ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, പോളിസി-പ്രോഗ്രാം 2007-2011, ദേശീയ പ്രശ്നങ്ങൾ: ഖണ്ഡിക 4,5:-

"ഏതെങ്കിലും മതമോ സംസ്കാരമോ ഭാഷയോ മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കുന്നതിന്റെയും മതത്തിന്റെ പേരിൽ ഭിന്ന വിഭാഗങ്ങൾക്കിടയിൽ വിദ്വേഷവും ശത്രുതയും സൃഷ്ടിക്കുന്നതിന്റെയും മതഗ്രന്ഥങ്ങളെയും മതസ്ഥലങ്ങളെയും അവമതിക്കുന്നതിന്റെയും ആപത്തിനെക്കുറിച്ച് രാജ്യനിവാസികളെ ബോധവത്കരിക്കും. മത-വിശ്വാസ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി കൊടുക്കും. ഈ സ്വാതന്ത്ര്യത്തിന് വിരുദ്ധമായ എല്ലാ നിയമ നിർമാണങ്ങളെയും എതിർക്കും.

വർഗീയതയെയും ഫാഷിസത്തെയും തടയാൻ ജമാഅത്ത് ചിന്താപരവും സൈദ്ധാന്തികവും സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും മാധ്യമപരവുമായ എല്ലാതലങ്ങളിലും സർവ ശ്രമങ്ങളും നടത്തും. ജനാധിപത്യമൂല്യങ്ങളുടെ പ്രചാരണത്തിനും രാജ്യത്തെ വിവിധ സാംസ്കാരിക വിഭാഗങ്ങളുടെ നീതിക്കും വേണ്ടി പൊതുജനാഭിപ്രായം അനുകൂലമാക്കും. തദ്വിഷയകമായി നിയമനിർമാണസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ നേരായ വഴിയിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കും."

ഇതാണ് ജനാധിപത്യവ്യവസ്ഥിതിയോടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ താത്ത്വിക സമീപനമെങ്കിൽ, പ്രയോഗതലത്തിൽ 1986-ൽ സംഘടന സമ്മതിദാനാവകാശം ഉപയോഗിക്കാൻ തുടങ്ങിയത് മുതൽ എല്ലാ തെരഞ്ഞെടുപ്പുകളിലും വോട്ട് നൽകിയത് ഫാഷിസ്റ്റ് പാർട്ടികൾക്കെതിരെ കോൺഗ്രസ്സടക്കമുള്ള ജനാധിപത്യ പാർട്ടികൾക്കാണ്. ഇനി ജമാഅത്ത് പങ്കാളിയാവുന്ന വല്ല രാഷ്ട്രീയ കൂട്ടായ്മയും നിലവിൽ വരുമെങ്കിൽ അതും ജനാധിപത്യത്തിൽ അധിഷ്ഠിതമായിരിക്കും. പ്രപഞ്ചസ്രഷ്ടാവിന്റെ പരമാധികാരത്തെ നിരാകരിക്കുന്ന ഏത് സംവിധാനവും അടിസ്ഥാനപരമായി വിജയിക്കാൻ പോവുന്നില്ലെന്ന

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട് മാറ്റമില്ലാത്തതുമായിരിക്കും.

*2. ജമാഅത്തെ ഇസ്‌ലാമി വർഗീയ സംഘടനയായി ആരോപിക്കപ്പെടുമ്പോഴും, ഇന്നേവരെ ഒരു വർഗീയ കലാപത്തിലോ സ്ഫോടന കേസിലോ രാഷ്ട്രീയ വർഗീയ കൊലപാതക കേസിലോ അതിന്റെ പ്രവർത്തകരാരും ഉൾപ്പെട്ടതായി ഈ ചോദ്യകർത്താവ് കേട്ടിട്ടില്ല. എങ്കിലും മുസ്‌ലിം സമൂഹത്തിൽനിന്നും ഇത്തരം ചില വ്യക്തികളുണ്ടാകുമ്പോൾ 'മൗനം വിദ്വാന് ഭൂഷണം' എന്ന നിലപാട് സ്വീകരിച്ചിട്ടില്ലേ?*

**മു**സ്‌ലിംകളുടെ ജീവനും സ്വത്തിനും അഭിമാനത്തിനും നേരെ വരുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ ഭരണഘടനാപരവും നിയമപരവുമായ പരിധികളിൽനിന്നുകൊണ്ട് ഒറ്റക്കെട്ടായി തന്ത്രങ്ങൾ സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ രാജ്യത്തെ നീതിതൽപരരായ എല്ലാവരുടെയും സഹകരണം തേടണം എന്നുമാണ് ജമാഅത്തെ ഇസ്‌ലാമി പോളിസി-പ്രോഗ്രാം സാമുദായിക പ്രശ്നങ്ങൾ എന്ന ഉപശീർഷകത്തിൽ അനുശാസിക്കുന്നത്. ഇതേ നിലപാടിൽനിന്നുകൊണ്ട് സമുദായത്തെ ബോധവത്കരിക്കാനാണ് ഇതഃപര്യന്തം ശ്രമിച്ചിട്ടുള്ളതും. വഴിതെറ്റിയവരെ തിരുത്താൻ സാധ്യമായതൊക്കെ ചെയ്യാറുമുണ്ട്. പരസ്യവിവാദങ്ങൾ ഒഴിവാക്കുന്നത് സാമുദായികാന്തരീക്ഷം കലുഷമാവാതിരിക്കാനാണ്.

*3. ഇന്ത്യയിൽ നടക്കുന്ന പല സ്ഫോടനങ്ങളിലും ആക്രമണങ്ങളിലും സംഘ്പരിവാർ സംഘടനകളുടെയും ഇസ്രയേൽ ചാര സംഘടനയായ മൊസാദിന്റെയും കൈയുണ്ടെന്നത് നേരാണെങ്കിലും, എല്ലാ സ്ഫോടനങ്ങളുടെയും ആക്രമണങ്ങളുടെയും പിന്നിൽ അവരാണെന്ന സാമാന്യവത്കരണം സ്വന്തം സമുദായത്തിലെ തെറ്റ് തിരുത്തുന്നതിൽനിന്നും ഒളിച്ചോടുന്നതിന് സമമല്ലേ? ജമാഅത്തെ ഇസ്‌ലാമി ഇക്കാര്യത്തിൽ സ്വന്തം സമുദായത്തോട് സംവദിച്ചിട്ടുണ്ടോ? ഇന്ത്യയിലെ ഒരു സ്ഫോടനത്തിലും മുസ്‌ലിം തീവ്രവാദികൾക്ക് പങ്കില്ലെന്നാണോ?*

**മു**സ്‌ലിം സമുദായത്തിലെ ആത്യന്തിക ചിന്തകൾക്കും തീവ്രവാദത്തിനുമെതിരെ നിരന്തര ബോധവത്കരണം നടത്തുന്ന സംഘടനയാണ് ജമാഅത്ത്. സംഘടനാ പ്രവർത്തകരിൽ ആരും തീവ്രവാദിക്കൂട്ടങ്ങളിൽ ഇല്ല താനും. സമുദായത്തിൽ തീവ്രവാദികളില്ലെന്ന അഭിപ്രായം ജമാഅത്തിനില്ല; ഹൈന്ദവ സമൂഹത്തിൽ ഭൂരിഭാഗവും സംഘ്പരിവാർ മനസ്കരാണെന്നും കരുതുന്നില്ല. എല്ലാ സ്ഫോടന സംഭവങ്ങളുടെയും പിന്നിൽ സംഘ്പരിവാർ ആണെന്ന സാമാന്യവത്കരണവും വാസ്തവികമല്ല. സമുദായാന്തര ആശയവിനിമയങ്ങളിൽ ഈ വസ്തുത ചൂണ്ടിക്കാട്ടാറുണ്ട്.

*4. തീവ്രവാദത്തിനെതിരെ എല്ലാവരും പ്രസംഗിക്കുന്നുവെങ്കിലും ഒരു മിശ്രവിവാഹം നടന്നാൽ പോലും ഊര് വിലക്കുന്ന മഹല്ല് കമ്മിറ്റികൾ തീവ്രവാദത്തിന്റെ പേരിൽ ഏതെങ്കിലും ഒരാളെയെങ്കിലും ഊര് വിലക്കിയതായി കേട്ടിട്ടുണ്ടോ എന്ന മാതൃഭൂമിയിലെ ഇന്ദ്രന്റെ ചോദ്യത്തിന് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതികരണം എന്താണ്?*

**മ**ഹല്ല് കമ്മിറ്റികൾക്ക് പൊതുവ്യവസ്ഥകളോ പെരുമാറ്റച്ചട്ടങ്ങളോ ഇല്ല. ദക്ഷിണ കേരളത്തിൽ പല പേരുകളിലായി മഹല്ല് കമ്മിറ്റികളുടെ പൊതുവേദികൾ ഉണ്ടെങ്കിലും പ്രശ്നങ്ങളുടെ നേരെ തീർത്തും യാഥാസ്ഥിതികമാണ് സമീപനം. ഊര് വിലക്ക് ഒന്നിന്റെയും പരിഹാരമല്ല, ബോധവത്കരണമാണ് ജനാധിപത്യപരമായ പ്രതിവിധി. തീവ്രവാദത്തിനെതിരായ ബോധവത്കരണം തൃപ്തികരമല്ലെങ്കിലും നടക്കുന്നുണ്ട്. ജമാഅത്തിന് സ്വാധീനമുള്ള മഹല്ലുകളിൽ ഇത് കുറേക്കൂടി ശക്തമാണ്. കേരളത്തിൽ തീവ്രവാദ ലക്ഷണങ്ങൾ പ്രകടമായി തുടങ്ങിയ ഘട്ടത്തിൽതന്നെ ഡോ. യൂസുഫുൽ ഖറദാവിയുടെ 'ഇസ്‌ലാം നിഷേധത്തിനും തീവ്രതക്കും മധ്യേ' എന്ന കൃതി വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത് ജമാഅത്താണ്.

*5. കോൺഗ്രസ്സിലെ പല മുസ്‌ലിം നേതാക്കളും മുസ്‌ലിം വർഗീയതയെ ആക്ഷേപിക്കുന്ന അതേ സ്വരത്തിൽ ഹിന്ദുവർഗീയതയെ ആക്ഷേപിക്കുന്നില്ല എന്ന ആരോപണത്തിന്, മുസ്‌ലിം വർഗീയതയെ ശക്തിയായി എതിർക്കേണ്ടത് മുസ്‌ലിം നേതാക്കളും ഹിന്ദു വർഗീയതയെ ശക്തിയായി എതിർക്കേണ്ടത് ഹിന്ദു നേതാക്കളും ആവുമ്പോൾ കുറേക്കൂടി ഫലപ്രദമാവുകയും അനാവശ്യ സംശയങ്ങൾക്ക് ഇടനൽകാതിരിക്കുകയും ചെയ്യും എന്നാണ് മറുപടി പറയാറുള്ളത്. എ.കെ. ആന്റണിയുടെയും വയലാർ രവിയുടെയും പഴയകാല പ്രവർത്തനങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതികരണം?*

**ജ**നാധിപത്യ സമൂഹത്തിൽ പൊതു താൽപര്യമുള്ള എല്ലാ വിഷയങ്ങളിലും എല്ലാവർക്കും അഭിപ്രായം പറയാം. സഹിഷ്ണുതയും പ്രതിപക്ഷ ബഹുമാനവും നിലനിർത്തിക്കൊണ്ട് വിമർശന സ്വാതന്ത്ര്യം ഉപയോഗിച്ചാൽ തെറ്റിദ്ധാരണകൾക്ക് അടിസ്ഥാനമില്ല. എ.കെ. ആന്റണിയുടെ മൗനവും നിസ്സംഗതയും അദ്ദേഹത്തിന് ചേരാം; മറ്റുള്ളവർക്ക് ഭൂഷണമല്ല. ആരുടേതായാലും അരുതായ്മകളെ മുഖംനോക്കാതെ ചൂണ്ടിക്കാട്ടിയാലേ തിരുത്തുകൾ ഉണ്ടാവൂ. അതേസമയം ഫാഷിസത്തിനെതിരായ ആശയസമരത്തിന് അമുസ്‌ലിം ബുദ്ധിജീവികളെ തന്നെയാണ് ജമാഅത്ത് കൂടുതലും പ്രയോജനപ്പെടുത്താറ്.

*6. ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം സമൂഹത്തിന്റെ പൊതുകൂട്ടായ്മയിൽനിന്ന് മാറിനിൽക്കുന്നത് കൊണ്ടും വേറെ പള്ളികളും മദ്റസകളും സംഘടനാ സംവിധാനവും കൈകാര്യം ചെയ്യുന്നതുകൊണ്ടും ബാക്കി മുസ്‌ലിം സമൂഹം ചെയ്യുന്ന തെറ്റിലും ശരിയിലും ഒരു കാഴ്ചക്കാരന്റെ റോളിൽ മാത്രമാണ്. തെറ്റ് ചെയ്യുമ്പോൾ അതിന്റെ മറുപ്രതികരണത്തെ മാത്രം ഉയർത്തിക്കാട്ടി 'അയ്യോ അനീതി ചെയ്യപ്പെടുന്നേ...' എന്ന് വിലപിക്കുന്നത് ശരിയാണോ?*

**ജ**മാഅത്തെ ഇസ്‌ലാമി മുസ്‌ലിം സമൂഹത്തിൽനിന്ന് മാറിനിൽക്കുന്നില്ല. ഇന്ത്യൻ മുസ്‌ലിംകളുടെ പൊതുവേദികളായ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിലും മുസ്‌ലിം മജ്ലിസെ മുശാവറയിലും അത് ഘടകമാണ്. കേരളത്തിൽ മുസ്‌ലിം സൗഹൃദവേദിയിലും ജമാഅത്ത് സജീവമായിരുന്നു. വിവാഹ രജിസ്ട്രേഷൻ, പാഠപുസ്തകങ്ങൾ തുടങ്ങിയ പ്രശ്നങ്ങളിലൊക്കെ സമുദായ സംഘടനകളോടൊപ്പമായിരുന്നു ജമാഅത്ത്. ഒപ്പം സമുദായത്തെ തിന്മകളിൽനിന്ന് മോചിപ്പിക്കാനും നന്മകളോട് അടുപ്പിക്കാനും പരമാവധി ശ്രമിക്കുന്നു. അത് ഏറ്റവും കാര്യക്ഷമമാക്കാൻ കൂടിയാണ് സാധ്യമായേടത്ത് പള്ളികളും മതവിദ്യാലയങ്ങളും സ്ഥാപിക്കുന്നത്. നടത്തുന്ന സ്ഥാപനങ്ങളിൽ ഒരുവിധ വിഭാഗീയതയും ഇല്ല. മറ്റുള്ളവരുടെ മസ്ജിദുകളിൽ ജമാഅത്ത് പ്രവർത്തകരും പങ്കാളികളാണ്. സ്വന്തമായി മാസപ്പിറവി നിർണയിക്കാറോ വിവാഹത്തിൽ വിഭാഗീയത പുലർത്താറോ ഇല്ല. ജമാഅത്തുകാരോട് ചില മതസംഘടനകൾ ആചരിക്കുന്ന അയിത്തത്തിന് അവരാണ് ഉത്തരവാദികൾ. അഴിമതി, പലിശ, മദ്യം, ചൂതാട്ടം, ക്രിമിനലിസം തുടങ്ങിയ തിന്മകൾക്കെതിരെ ജമാഅത്തിനോളം ശക്തമായി

ശബ്ദിക്കുന്ന പ്രസ്ഥാനങ്ങൾ ഏതാണ്?

*7. ജമാഅത്തെ ഇസ്‌ലാമി ഒരു വർഗീയ സംഘടനയാണെന്ന് പല കോൺഗ്രസ് നേതാക്കളും ആരോപിക്കുന്നു. അല്ലെന്ന് തെളിയിക്കാനുള്ള വാദങ്ങളെന്തൊക്കെയാണ്?*

**ഈ** പറയുന്ന കോൺഗ്രസ്സുകാർ തന്നെ തെരഞ്ഞെടുപ്പുകളിൽ ജമാഅത്തിന്റെ പിന്തുണ തേടാറുണ്ട്. സത്യസന്ധമല്ല അവരുടെ നിലപാട്. ജമാഅത്ത് വർഗീയമല്ലെന്നതിന് തെളിവുകൾ:

1. അംഗത്വം: സ്ത്രീ പുരുഷ വ്യത്യാസമോ ജാതിവർഗ ഭേദമോ കൂടാതെ ഇന്ത്യൻ യൂനിയനിലെ ഏത് പൗരനും താഴെ വിവരിക്കുന്ന നിബന്ധനകളോടു കൂടി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമാകാവുന്നതാണ് (ഭരണഘടന ഖണ്ഡിക 6).

2. വിശ്വമാനവികതയിലും സാർവലൗകിക സാഹോദര്യത്തിലും ഊന്നുന്ന ഇസ്‌ലാമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശം. ഇസ്‌ലാം വർഗീയതയെ അംഗീകരിക്കുകയോ പൊറുപ്പിക്കുകയോ ചെയ്യുന്നില്ല.

3. ഇന്നേവരെ രാജ്യത്ത് നടന്ന ആയിരക്കണക്കിന് വർഗീയ കലാപങ്ങളിൽ ഒന്നിലും ഒരു ജമാഅത്തുകാരനും പ്രതിയായിട്ടില്ല. ഒരന്വേഷണ കമീഷനും ജമാഅത്തിന്റെ പങ്കാളിത്തം ആരോപിച്ചിട്ടുമില്ല. മാറാട് കലാപാന്വേഷണ കമീഷൻ റിപ്പോർട്ട് ഒരുദാഹരണമാണ്.

4. വർഗീയത ഇളക്കി വിടുന്ന പ്രസംഗത്തിന്റെയോ എഴുത്തിന്റെയോ പുസ്തകത്തിന്റെയോ പേരിൽ ഒരു നിയമനടപടിയും ജമാഅത്ത് പ്രവർത്തകർ നേരിട്ടിട്ടില്ല.

5. മാനവികമായും അവർഗീയമായും മാത്രം അനേകം കോടി രൂപയുടെ ദുരിതാശ്വാസ-പുനരധിവാസ-ജനസേവന പ്രവർത്തനങ്ങൾ നടത്തിവന്നതാണ് ഇതഃപര്യന്തമുള്ള ചരിത്രം. സൂനാമി, ഭൂകമ്പം, കലാപങ്ങൾ എന്നിവയിലെ ഇരകളുടെ കണ്ണീരൊപ്പുമ്പോൾ സമുദായ പരിഗണനയുണ്ടായിട്ടില്ല.

6. ജമാഅത്തെ ഇസ്‌ലാമിക്ക് സായുധ വിംഗുകളില്ല. ബോംബോ സ്ഫോടകവസ്തുക്കളോ ഉണ്ടാക്കാറില്ല; ഉപയോഗിക്കാറുമില്ല.

7. ദേശവ്യാപകമായി സാമുദായിക മൈത്രിയും ജനാധിപത്യമൂല്യങ്ങളും പ്രചാരണം ചെയ്യാൻ പ്രശസ്ത ന്യായാധിപന്മാരും അഭിഭാഷകരും മതനേതാക്കളും സാമൂഹിക പ്രവർത്തകരും അടങ്ങിയ ഫോറം ഫോർ ഡമോക്രസി ആന്റ് കമ്യൂണൽ അമിറ്റി (എഫ്.ഡി.സി.എ) 1993-ൽ രൂപവത്കരിക്കാൻ മുൻകൈയെടുത്തത് ജമാഅത്തെ ഇസ്‌ലാമിയാണ്.

ബാക്കി തെളിവുകൾ ഒന്നാം ചോദ്യത്തിന്റെ മറുപടിയിലുണ്ട്.

*8. മുസ്‌ലിംകൾ പ്രത്യേകമായി സംഘടിക്കുകയും മത സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്യുമ്പോൾ പൊതുധാരയിൽനിന്ന് അവർ മാറ്റിനിർത്തപ്പെടുകയും മറ്റു സംഘടനക്കളാകെ മുസ്‌ലിംകളല്ലാത്തവർ മാത്രമാവുകയും ചെയ്യും. അപ്പോൾ ഒരു പ്രശ്നമോ അവകാശതർക്കമോ വരുമ്പോൾ 'അവർക്ക് അവരുടെ സംഘടനയുണ്ടല്ലോ, അതവർ നോക്കിക്കൊള്ളുമല്ലോ' എന്ന് മറ്റുള്ളവർ ചിന്തിക്കില്ലേ? വിതക്കാൻ കൂടാത്തവൻ കൊയ്യാൻ വരുമ്പോഴുള്ള വിതച്ചവന്റെ ഈ മാനസികാവസ്ഥയോട് ജമാഅത്തെ ഇസ്‌ലാമി എങ്ങനെ പ്രതികരിക്കുന്നു?*

**മു**സ്‌ലിംകളെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനാണ് മുസ്‌ലിം കൂട്ടായ്മകൾ ഉണ്ടാവേണ്ടത്. പൊതു പ്രശ്നങ്ങളുടെ പരിഹാരാർഥം പൊതുവേദികളിൽ മുസ്‌ലിംകളും പങ്കാളികളാവുന്നതാണ് ശരി. മത സാംസ്കാരിക ന്യൂനപക്ഷങ്ങളുടെ അസ്തിത്വവും വ്യക്തിത്വവും നിലനിർത്താൻ പ്രത്യേകമായി സംഘടിക്കുന്നത് ഭരണഘടനാ ദത്തമായ അവകാശമാണ്. അത് മതേതര പാർട്ടികളിലൂടെ മാത്രം സംരക്ഷിക്കപ്പെട്ട ചരിത്രം ഇല്ല.

*9. ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ സോണിയ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിനെ ഒരു മതേതര ജനാധിപത്യ കക്ഷി എന്ന നിലയിൽ എങ്ങനെ വിലയിരുത്തുന്നു?*

**തി**രുത്തപ്പെടേണ്ട ഒരുപാട് പാളിച്ചകളും ദൗർബല്യങ്ങളുമുള്ള മതേതര പാർട്ടിയായി കോൺഗ്രസ്സിനെ വിലയിരുത്തുന്നു; ഫാഷിസത്തിനെതിരെ കോൺഗ്രസ്സിനെ പിന്തുണക്കുകയും ചെയ്യുന്നു.

*10. ജമാഅത്തെ ഇസ്‌ലാമിയുടെ സംഘടനാ തെരഞ്ഞെടുപ്പ് രീതിയും അതിന്റെ അമീറുമാരുടെ അധികാര പരിധിയും എന്താണ്?*

ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണഘടന വാങ്ങി പരിശോധിക്കുകയാണ് ഉചിതം.

*11. മഹല്ല് കമ്മിറ്റികളുടെ കുറ്റവിചാരണകളും ഊര് വിലക്കുകളും നിസ്സഹകരണ നീക്കങ്ങളും പലപ്പോഴും പ്രയോഗിക്കപ്പെടുന്നത് താഴ്ന്ന കുടുംബക്കാരിലോ തറവാട്ടുകാർ അല്ലാത്തവരിലോ പാവങ്ങളിലോ ഒക്കെ ആണ്. ഉന്നത കുടുംബക്കാരോ പണക്കാരോ രക്ഷപ്പെടുകയാണ് പതിവ്. ഇത്തരം സമ്പ്രദായങ്ങളോട് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതികരണമെന്താണ്?*

**ഇ**സ്‌ലാമിൽ മഹല്ല് കമ്മിറ്റികളോ ഊര് വിലക്കോ സമ്പന്ന-ദരിദ്ര വിവേചനമോ ഇല്ല. ഇസ്‌ലാമിന്റെ രാഷ്ട്രീയ സംവിധാനങ്ങൾ തിരോഭവിച്ചതിൽ പിന്നെ ഇന്ത്യയിൽ നിലവിൽവന്ന അനൗപചാരിക ബദൽ സംവിധാനമാണ് മഹല്ല് കമ്മിറ്റി. മുസ്‌ലിംനാടുകളിൽ അതില്ല. പള്ളിഭരണവും വിവാഹം പോലുള്ള ചടങ്ങുകളുടെ നടത്തിപ്പുമാണ് മഹല്ല് കമ്മിറ്റികളുടെ മുഖ്യ ജോലി. അതിൽതന്നെ തർക്കങ്ങളുണ്ടായാൽ മതേതര കോടതികളെ സമീപിക്കുകയാണ് പതിവ്. പ്രശ്നങ്ങൾ രമ്യമായി പറഞ്ഞുതീർക്കുകയാണ് മഹല്ല് കമ്മിറ്റികൾ വേണ്ടത്. നിസ്സഹകരിക്കുന്നവരെ നീതിന്യായ വ്യവസ്ഥക്ക് വിട്ടുകൊടുക്കാം. ഊര് വിലക്ക് പ്രതിസന്ധി മൂർഛിപ്പിക്കുകയേയുള്ളൂ.

*12. മുസ്‌ലിം സമൂഹത്തിന്റെ വളരെ ചെറിയ വിഭാഗങ്ങളിൽ ചില സംഘടനകൾ നടത്തുന്ന വർഗീയ തീവ്രവാദ ക്ലാസ്സുകളും സമീപനങ്ങളും മുളയിലേ നുള്ളിക്കളയേണ്ടത് സമൂഹത്തിന്റെ ബാധ്യതയല്ലേ? മത സാമൂഹിക കക്ഷികൾ ഇക്കാര്യത്തിൽ പുറകോട്ട് നിൽക്കുകയോ ഒളിച്ചു കളിക്കുകയോ ചെയ്യുമ്പോൾ കോൺഗ്രസ് മുന്നോട്ട് വരുന്നതിനെ ജമാഅത്തെ ഇസ്‌ലാമി എങ്ങനെ നോക്കിക്കാണുന്നു...?*

തീവ്രവാദ പ്രവണതകൾക്കെതിരെ ശക്തമായ നിലപാടാണ് മുഖ്യധാര മുസ്‌ലിം സംഘടനകളെടുത്തിരിക്കുന്നത്. വീഴ്ചകളും പാളിച്ചകളും എല്ലാവർക്കും ബാധകമാണല്ലോ. മീഡിയയുടെ അത്യാവേശവും അതിശയോക്തിയും ന്യായീകരിക്കാനാവില്ല. കോൺഗ്രസ് ഇക്കാര്യത്തിൽ സന്തുലിതവും നീതിപൂർവകവുമായ ഒരു സമീപനം ഇനിയും എടുത്തിട്ടു വേണം. ഹിഡൻ അജണ്ടയോടെ ചിലർ നടത്തുന്ന നിഴൽയുദ്ധങ്ങൾ വിപരീത ഫലമേ ഉളവാക്കൂ. ■